**GAZETTE DATE : 30.05.2026**
**LAST DATE : 01.07.2026**

## CATEGORY NO: 24/2026

Applications are invited online only through One Time Registration from qualified candidates for appointment in the undermentioned post.

| | | | |
|---|---|---|---|
| **1.** | **Department** | **:** | **Pharmaceutical Corporation (IM) Kerala Ltd.** |
| **2.** | **Name of Post** | **:** | **Assistant Manager (Production) Gr. II** |
| **3.** | **Scale of Pay** | **:** | **₹ 51,400 - 1,10,300/-** |
| **4.** | **Number of vacancies** | **:** | **01 (One)** |

Note:- (i) The above vacancies are now in existence. The list of selected candidates published by the Commission in pursuance to this Notification shall remain in force for a minimum period of one year and a maximum period of three years provided that the list will not continue to be in force if a new Ranked List is published after the minimum period of expiry of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the vacancy shown above and for all the vacancies reported during the period of pendency of the Ranked list.

(ii) The Kerala Public Service Commission shall have the power to cancel the advice for appointment of any candidate to the above post, if it is subsequently found that such advise was made under some mistake. On such cancellation the appointing authority shall terminate the service of candidate, provided that, the cancellation of advice for appointment by the Commission and subsequent termination of service of the candidate by the appointing authority shall be made within the period of probation or 240 days from the date of joining duty whichever is earlier.

(iii) 4% vacancies of the total fresh vacancies reported shall be reserved for eligible Differently Abled candidates with disabilities as specified vide G.O.(Rt.) No.136/2025/SJD dated 06/06/2025.

Present Order of Rights of Persons with disabilities Act, 2016

| | | | |
|---|---|---|---|
| **5.** | **Method of Appointment** | **:** | Direct Recruitment |
| **6.** | **Age Limit** | **:** | 18 – 40; Only candidates born between 02.01.1986 and 01.01.2008 (both dates included) are eligible to apply for this post. Other Backward Communities and SC/ST candidates are eligible for usual age relaxation. |

**Note:-** The provisional hands working in the above concern will be given age relaxation to the extent of their provisional service put in subject to a maximum of Five years from the upper age limit provided they are within the prescribed age limit on the date of their first appointment in the above concern. But the regular employees of the concern are not eligible for the above concession for further appointment. The provisional hands should obtain a certificate showing the period of their provisional service in the concern and shall produce the same as and when required by the Commission. It would also be clearly specified in the certificate that they were not working in the regular service of the concern.
[for other conditions regarding the age relaxation please see Para 2(i),(ii), (iii),(iv), (vi), (vii) and (xii) of the General Conditions]

**7. Qualification:**

<u>Essential</u>:- BAM/BAMS/DAM from any recognised university

<u>Preferential</u>:- Two years experience in medicine preparation from any Ayurvedic Pharmacy recognised by Govt. or from Govt./Quasi Govt. organisation or companies registered under Indian Companies Act (The Certificate to be produced in proof of Experience shall be in the format given below).

Note: (i) Rule 10 a (ii) of Part II KS & SSR is applicable.

(ii) "In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post in the Special Rules and such of those qualifications which pre-suppose the acquistion of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/ higher qualifications shall be produced as and when required by the commission".

## <u>CERTIFICATE OF EXPERIENCE</u>

Name of firm (*Govt.* ***or*** *Quasi Govt.* ***or*** *companies registered under Indian Companies Act*) :- ..............................................

Registration No. (*SSI registration or any other registration number)* and date of registration :- …..........................................

Date of Registration :- …...........................................

Authority issued Registration :- …..........................................

Issued to Smt/ Sri............................................ ...................................... .................................. .........…...................................................................................................................(*here enter Name and Address of the candidate*). This is to certify that the above mentioned person has worked/has been working in this **Ayurvedic Pharmacy** as ….............................. (designation) as Regular worker/ Temporary worker/Paid Apprentice/Trainee/Casual Labourer etc.[*Strike off whichever is not applicable*] on Rs…..................... per day/ per mensem for a period of …...... years …....... months …..... days from …../...../..... to …../...../..... (from and to details are to be entered in DD/MM/YYYY format)

Also certified that Smt/Sri. .................................................. has …............ years …...... months …..... days experience in **Medicine preparation** in this Ayurvedic Pharmacy recognised by Govt. **or** Quasi Govt. organisation **or** companies registered under Indian Companies Act.(*strike of whichever is not applicable*)

| | | |
|---|---|---|
| **Place :** | **Signature with Date** | |
| **Date :** | **Name** | |
| | **Designation of the issuing Authority with Name of Institution** | |

**(Office Seal)**

## <u>DECLARATION</u>

Certified that Smt/Sri. ..................................................mentioned in the above Experience Certificate has actually worked/is working as ......................... (designation) in the above said **Ayurvedic Pharmacy** during the period from …../...../..... to …../...../..... (from and to details are to be entered in DD/MM/YYYY format) as per the entry in the Register.....................................*(Name of Register to be specified)* maintained by the employer as per the provision of the …..........................................Act (*Name of the Act/Rules to be specified*).

Certified that I am the Authorised Officer to inspect the registers kept by the employer as per the provisions of the …...........................Act/Rules of the State/Central Government.

Also certified that Smt/Sri. .................................................. has …............. years …....... months …..... days experience in **Medicine prepration** in the aforementioned Ayurvedic Pharmacy recognised by Govt. **or** Quasi Govt. organisation **or** companies registered under Indian Companies Act.(*strike of whichever is not applicable*)

| | | |
|---|---|---|
| **Place:** | **Signature with Date** | |
| **Date:** | **Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules** | |

**(Office Seal)**

**NB**:- The genuineness of the experience certificate shall be subjected to verification and legal action will be taken against those candidates who produce bogus experience certificates.

8. **Probation:** The probation period is applicable as per the provisions in the Recruitment Rules of the Pharmaceutical Corporation (IM) Kerala Ltd.

9. **Mode of Submitting Application**

(a) Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Candidates who are creating new profile, must upload photograph which is taken within 6 months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, Community etc. have to be produced as and when called for.

(b) **Candidates who have Aadhaar Card should add Aadhaar Card as ID proof in their profile.**

(c) If written/OMR/Online Test is conducted as part of this selection candidates possessing requisite qualification as per Para 7 above alone shall submit a **confirmation** for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

10. Last date for submission of application:- **01.07.2026** Wednesday up to 12.00 midnight.

11. Website address of which applications are to be sent: www.keralapsc.gov.in

12. (a) Paras 1, 2(i),(ii), (iii),(iv), (vi), (vii) and (xii),3, 4,5 and from paras 7 to 30 of the general conditions are applicable to this post.

(b) The selection to the above concern will be subject to the rules and regulations made by them from time to time.

(Candidates must see the General Conditions in Part II of the Gazette Notification for instructions regarding Photo, ID Card etc., application submitted in contravention of general condition shall be rejected.)

13. **Special Instructions to Candidates:**

(a) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time; otherwise, they will not be considered for the next stage of the selection.

(b) In the case of difference in Caste/Community claimed in the application and that entered in SSLC book, the Candidate shall produce a Gazette Notification in this regard, along with Non-Creamy Layer Certificate/Community Certificate at the time of certificate verification.

(c) Candidates are required to acquaint themselves with the instructions given in the notification as part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

(d) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment form applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them, if they have already been appointed, or any one or more of the above.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 24/2026

താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | വകുപ്പ് | : | **ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ്** |
| 2. | ഉദ്യോഗപ്പേര് | : | **അസിസ്റ്റന്റ് മാനേജർ (പ്രൊഡക്ഷൻ) ഗ്രേഡ് II** |
| 3. | ശമ്പളം | : | ₹ 51,400-1,10,300/- |
| 4. | ഒഴിവുകളുടെ എണ്ണം | : | 01 (ഒന്ന്) |

**കുറിപ്പ് :-**

(i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

(iii) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ ഒഴിവുകളിൽ 4% ഒഴിവുകൾ 06.06.2025 തീയതിയിലെ G.O.(Rt.)No.136/2025/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

Present Order of Rights of Persons with disabilities Act, 2016

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം

6. **പ്രായ പരിധി** : 18-40; ഉദ്യോഗാർത്ഥികൾ 02.01.1986-നും 01.01.2008- നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സ് ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2-ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii), (iii),(iv),(vi),(vii) & (xii) നോക്കുക.)

7. **യോഗ്യതകൾ :**

<u>അത്യാവശ്യം</u> :- അംഗീകൃത സർവകലാശാലയിൽ നിന്നും BAM/BAMS/DAM

<u>മുൻഗണന</u> :- സർക്കാർ അംഗീകൃത ആയുർവേദ ഫാർമസിയിൽ നിന്നോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനത്തിൽ നിന്നോ, ഇന്ത്യൻ കമ്പനി ആക്റ്റിന് കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനികളിൽ നിന്നോ ഔഷധ നിർമ്മാണത്തിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയം (പ്രവൃത്തിപരിചയ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് താഴെ തന്നിട്ടുള്ള മാതൃകയിലുള്ളതാകണം)

**കുറിപ്പ്:-**

(1) കെ.എസ്.ആന്റ് എസ്.എസ്.ആർ പാർട്ട് II വിലെ റൂൾ 10(a) ii ബാധകമാണ്.

(2) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ, എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്."

**പരിചയ സർട്ടിഫിക്കറ്റ്**

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് *(സർക്കാർ/അർദ്ധ സർക്കാർ/ ഇന്ത്യൻ കമ്പനി ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനി) .* | : |
| രജിസ്ട്രേഷൻ *(എസ്.എസ്.ഐ. രജിസ്ട്രേഷൻ/ മറ്റേതെങ്കിലും രജിസ്ട്രേഷൻ)* നമ്പരും രജിസ്റ്റർ ചെയ്ത തീയതിയും. | : |
| രജിസ്ട്രേഷൻ നൽകിയ അതോറിറ്റി. | : |

ശ്രീ/ശ്രീമതി .. ........ ............................ ........................... (ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും). മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തി ഈ ആയുർവേദ ഫാർമസിയിൽ ......... .......... തസ്തികയിൽ സ്ഥിരജീവനക്കാരൻ/താത്കാലികജീവനക്കാരൻ/അപ്രന്റീസ്/ട്രെയിനി/ കാഷ്വൽ ജീവനക്കാരൻ-ആയി ............. രൂപ മാസ ശമ്പളത്തിൽ/ദിവസ ശമ്പളത്തിൽ . . . . /. . . . . / . . .. മുതൽ . .. . ./ . . . . . ./ . . . . . . വരെ (പരിചയ കാലയളവ് DD/MM/YYYY മാതൃകയിൽ രേഖപ്പെടുത്തേണ്ടതാണ്) . . . . . . . . . വർഷം . . . . . . . . . . . . . . . . . . മാസം . . . . ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. *(ബാധകമല്ലാത്തത് വെട്ടിക്കളയുക).*

ഈ സർക്കാർ അംഗീകൃത ആയുർവേദ ഫാർമസിയിൽ/സർക്കാർ അല്ലെങ്കിൽ അർദ്ധസർക്കാർ സ്ഥാപനത്തിൽ/ഇന്ത്യൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയിൽ നിന്നും ശ്രീ/ശ്രീമതി .............. . . . . . . . ഔഷധ നിർമ്മാണത്തിൽ ആകെ ............... വർഷം ......... മാസം ....... ദിവസം പ്രവൃത്തി പരിചയം നേടിയട്ടുണ്ടെന്ന് കൂടി സാക്ഷ്യപ്പെടുത്തുന്നു. *(ബാധകമല്ലാത്തത് വെട്ടിക്കളയുക).*

| | |
|---|---|
| തീയതി സഹിതമുള്ള ഒപ്പ് | |
| പേര് | |
| സർട്ടിഫിക്കറ്റ് നൽകുന്ന അധികാരിയുടെ ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര് | |

സ്ഥലം:

തീയതി:

(ഓഫീസ് മുദ്ര)

**സാക്ഷ്യപത്രം**

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി ...................... മേൽ പറഞ്ഞിരിക്കുന്ന കാലയളവിൽ . . . . . . . . . . . . . . . . .. ആയുർവേദ ഫാർമസിയിൽ .. . . . . . . . . . . . . . . . . . തസ്തികയിൽ ജോലി ചെയ്തിരുന്നു/ജോലി ചെയ്യുന്നുവെന്ന് ................. ...... ചട്ടത്തിൽ /നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ/തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട . . . . . . . . . . . . . . . . . . . രജിസ്റ്റർ പരിശോധിച്ചതിൽ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) നിന്നും വ്യക്തമാകുന്നു. കേന്ദ്ര/സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള . . . . . . . . . . . . . . . . . . . . . . . . എന്ന ചട്ടപ്രകാരം/നിയമപ്രകാരം ടി സ്ഥാപന ഉടമ/തൊഴിലുടമസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കാനുള്ള അധികാരം എന്നിൽ നിക്ഷിപ്തമാണ്.

മേൽ ഖണ്ഡികയിൽ പരാമർശിച്ച സർക്കാർ അംഗീകൃത ആയുർവേദ ഫാർമസിയിൽ/സർക്കാർ അല്ലെങ്കിൽ അർദ്ധസർക്കാർ സ്ഥാപനം/ഇന്ത്യൻ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കമ്പനി നിന്നും ശ്രീ/ശ്രീമതി

. . . . . . . . . . . . . . . . . . . . . ഔഷധ നിർമ്മാണത്തിൽ ആകെ ............... വർഷം .......... മാസം ........ ദിവസം പ്രവൃത്തി പരിചയം നേടിയിട്ടുണ്ടെന്ന് കൂടി സാക്ഷ്യപ്പെടുത്തുന്നു. (*ബാധകമല്ലാത്തത് വെട്ടിക്കളയുക).*

| | |
|---|---|
| തീയതി സഹിതമുള്ള ഒപ്പ് | |
| ചട്ട പ്രകാരം/നിയമ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി സ്ഥാപനത്തിന്റെ പേര് | |

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെ പേരിൽ നിയമാനുസൃതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

8. **പ്രൊബേഷൻ :** കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ റിക്രൂട്ട്മെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി:**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി **'ഒറ്റത്തവണ രജിസ്ട്രേഷൻ'** പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'apply now' ൽ മാത്രം click ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. **എന്നാൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല.അപേക്ഷ ഫീസ് നൽകേണ്ടതില്ല. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് Download ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(സി) **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

10. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : **01.07.2026** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

11. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് മേൽവിലാസം : www.keralapsc.gov.in

12. a) പൊതു വ്യവസ്ഥകളിലെ 1, 2(i),(ii), (iii),(iv), (vi), (vii) & (xii), 3, 4, 5 എന്നീ ഖണ്ഡികകളും, 7 മുതൽ 30 വരെയുള്ള ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമാണ്.

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

13. **<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

(എ) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്ന പക്ഷം അനുവദിക്കപ്പെട്ട സമയ പരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്, അല്ലാത്ത പക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർ ഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

(ബി) ഉദ്യോഗാർത്ഥി, അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(സി) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(ഡി) "വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്".
(ഫോട്ടോ, ID Card ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് 2-ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക).

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ